
Kerala Infrastructure and Technology for Education
Presents
ശലഭം
ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ ചേരാനല്ലൂർ
2018-19

# ശലഭം

## ഡിജിറ്റൽ മാഗസിൻ

## 2018-19

### ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ
### ചേരാനല്ലൂർ

സന്ദേശം



ചേരാനല്ലൂർ ഗവ.ഹയർ സെക്കന്ററി സ്ക്കൂളിന്റെഐ .റ്റി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ഇ-മാഗസിൻ 'ശലഭം' തയ്യാറാക്കി പ്രസിദ്ധികരിക്കുന്നതിൽ അതിയായ സന്തോഷം അറിയിക്കുന്നു. ആധുനികയുഗത്തിൽ നൂതനസാങ്കേതിക വിദ്യയിലൂടെ പുതുതലമുറയുടെ സർഗാത്മകമായ കഴിവുകൾ വളർത്താനും പുതുഅറിവുകൾ നേടാനും ഈ ഐ .റ്റി ക്ലബ് വളരെയേറെ പ്രയോജനപ്പടുന്നുണ്ട്. മാഗസിൻ നിർമാണത്തിൽപങ്കെടുത്ത എല്ലാലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുംഅഭിനന്ദനങ്ങൾ. അനന്തവിഹായസിലേക്ക് പറന്നുയരുന്ന പട്ടംപോലെ നൂതന സാങ്കേതികവിദ്യയിലൂടെ നമ്മുടെ കുരുന്ന് പ്രതിഭകൾ ഭാവിയുടെ വാഗ്ദാനങ്ങളായി വളരട്ടെ............... എന്ന്

H.M. രവീന്ദ്രൻനായർ കെ.എസ്

# EDITORIAL

ആധുനികസാങ്കേതികവിദ്യയിലുണ്ടായ പുതിയകണ്ടുപിടുത്തങ്ങളും മാറ്റങ്ങളുംഉൾക്കൊണ്ട് വിദ്യാഭ്യാസമേഖല അനുദിനം മാറിയിരിക്കുകയാണല്ലോ.......
കമ്പ്യൂട്ടർ എന്നത് വിദൂരവസ്തുവായിരുന്ന  കാലം മാറി...............
എഴുത്തോലകളും കടലാസും പേനയും പഴങ്കഥയായി............
കേരള സർക്കാറിന്റെ ഹൈടെക് പദ്ധതിയുടെ ഭാഗമായി സ്കൂളുകളെല്ലാം ഡിജിറ്റൽ യുഗത്തിലേക്ക്..............

എഡിറ്റർ
- ആഷിക് വി എം -

# മികവിന്റെ മുദ്രകൾ






NO PARKING
INFRONT OF SCHOOL GATE


GOVT. HIGHER SECONDARY SCHOOL


ഗവ: ഹയർ സെക്കന്ററി സ്കൂൾ ചേരാനല്ലൂർ (കുന്നുമ്മൽ)
ഓപ്പൺ സ്റ്റേജ് എറണാകുളം ജില്ലാ പഞ്ചായത്ത് (2012-13) പ്രോജക്റ്റ്
TOMS ELECTRICALS
LIGHT & SOUND
AYATHUPADY






എറണാകുളം ജില്ലാ പഞ്ചായത്തിന്റെ സ്കൂൾ ഇൻഫ്രാ പദ്ധതി
പ്രകാരം നിർമ്മിച്ച ചേരാനെല്ലൂർ ഗവ:ഹയർ സെക്കന്ററി സ്കൂൾ
2014-15





## ശലഭം

*മികവിന്റെ മുദ്രകൾ*..................................
കവിതകൾ.........................................
ലേഖനങ്ങൾ.......................................
കഥകൾ...........................................
ജന്തു ശാസ്ത്രം & സസ്യ ലോകം.................
കൃഷിച്ചൊല്ല്......................................
പഴഞ്ചൊല്ല്.......................................
കടംകഥ...........................................
ഗണിതശാസ്ത്ര ക്വിസ്..............................
ചിന്താവിഷയങ്ങൾ.................................
ശലഭത്തിന്റെ ചിറകുകൾ.........................
ചിത്രങ്ങൾ........................................





## പ്രകാശം

നന്മയുടെ ദീപ്തമാണ് പ്രകാശം
ഇരുട്ടിനെ വെളിച്ചമാക്കും പ്രകാശം
മനസ്സിന് സന്തോഷം ളുകം പ്രകാശം
ഉള്ളിലെ നന്മതൻ സ്നേഹപ്രകാശം
പ്രഭളുകി വിടരുന്ന പൂവിലും
നിൻതെളിച്ചമാണേറ്റു വിടരുന്നത്
എന്നുള്ളിൽ വിടരുന്ന പ്രകാശമേ
ഞാൻ തെളിയുന്നു നിൻശോഭയാൽ

-PAVITHRA -

# മഴ പാട്ട്



മഴ മഴ പുതുമഴ പെയ്യുന്നു

തവളകൾ ചാടി രസിക്കുന്നു

ചെടികൾ ആടി കളിക്കുന്നു

പുത്തനുടുപ്പുകൾ നനയുന്നു

പുഴയും തോടും കവിയുന്നു

മീനുകൾ തുള്ളി കളിക്കുന്നു

ഭൂമി വെള്ളം കുടിക്കുന്നു

വിത്തുകൾ പൊട്ടി മുളക്കുന്നു


മുറ്റം പുല്ലുകൾ നിറയുന്നു

മഴ മഴ മഴ നല്ല മഴ



-Amal-9B

# <u>പ്രകൃതി തൻ  രോദനം</u>



ഹാസുന്ദരമിഭ്രമി നിൻ ഓനമല്ലോ
കളകളം ഒഴുകുന്ന പുഴകളും കുതിച്ചുചാട്ടം
വെള്ള കൂട്ടങ്ങളും നിൻ മക്കളെല്ലോ
പ്രകൃതി നിൻ സന്ദർശകരല്ലോ
പക്ഷികളും തേൻ കാരും വണ്ടുകളും
പ്രകൃതിതൻ അംഗരക്ഷകരല്ലോ നീ
നശിക്കും വരും നാളുകളിൽ കാരണമായിട്ടും
മാനവർ തൻ ചെ്തികളും നിൻ
ദീനരോദനം ഞാൻ കേട്ടിട്ടു ഇവിടെ
എങ്ങനെ വസിക്കും നിൻ മക്കളും സംരക്ഷ -
കരും ഹേ‍ാ എത്ര ദുഷ്ടർ  മനുഷ്യർ
ക്ഷമിക്കണോ നീ എന്നും ചെയ്തികൾ



*- AMBADI-*

# പൂമ്പാറ്റ

അംബരമാകുമനന്തതയിൽ ചില
അക്ഷരമെഴുതി നടന്നു.
ആത്മാവൊന്നായ് ചേർത്തുവിളക്കിയ
വർണ്ണച്ചിറകുകൾ വീശി
ആകാശത്തിൻ താഴ് വരയാകെ
പൂവുകൾ തേടിയലഞ്ഞു
മലരുകൾ തോറും മധുനുകരുമ്പോൾ
ഹൃദയം മധുരിതമായി
പൂക്കളിറുക്കാനെത്തിയ കുഞ്ഞിൻ
പൂമനമാകെ നിറഞ്ഞു
കണ്ണിനു കുളിരായെല്ലാവർക്കും
കൺമണിയായ് ഞാൻ മാറി
പൂവൊട്ടു യാത്ര പഞ്ഞു പിരിഞ്ഞൊരു
പൂവിതൾ പോലെ മറഞ്ഞു
പൂക്കൾക്കിടയിൽ മറ്റൊരു പൂവായ്
പൂക്കാലത്തിലലിഞ്ഞു



- NICOLAS- 9A

# പച്ചത്തത്ത



പച്ചതത്തേ വായാടി
കലപിലകൂട്ടം വായാടി
രാവിൽ തോപ്പിൽ പാറിനടക്കും
പച്ചതത്തേ വായാടി

മാന്തളിർ നിറയെ ഉണ്ടിട്ടോ
മാമ്പഴമേറെ തിന്നിട്ടോ
ചെഞ്ചോപ്പായിനിൻചുണ്ട്
ചൊല്ലുക ചൊല്ലുക തത്തമ്മേ



പാലും പഴവും നൽകും ഞാൻ
എന്നടെ കൂടെ പോന്നെന്നാൽ
പച്ചത്തത്തേ മൊഞ്ചത്തി
എന്നടെകൂടെപോരാമോ ?


-DENNA-6B

# പുതുമഴ



ചിൽ ചിൽ ചിൽ പെയ്യുന്നു
പുതുമഴ പുതുമഴ പെയ്യുന്നു
കള കള കള നാദത്തിൽ
തുള്ളി തുള്ളി പെയ്യുന്നു
ഇലകളിൽത്തട്ടി കളിക്കുന്നു
തുള്ളികൾ ചാടി രസിക്കുന്നു
തണുത്ത കാറ്റുകൾ വീശുന്നു
ആഹാ എന്തൊരു കുളിരാണേ...

-ANAMIKA 1A



## എന്റെ ഗ്രാമഭംഗി

ഒരുനൂറ് പൂഷ്പമായ് ഇളകിയെൻ
മനസ്സിലെൻഗ്രാമഭംഗി
പച്ചപട്ടുവിരിച്ച വയലോലകൾ
കുളിർക്കാറ്റിലാടുന്നവല്ലോ
ഗ്രാമത്തിൽ തിലകം ചാർത്തും
മലരണിക്കുന്നുകൾ കണ്ടുവല്ലോ
കളകളം പാടും അരുവിയൊ
അതിൽ നിറഞ്ഞൊഴുകിടുന്ന
ചെന്താമരകൾ
എന്നെ തഴുകും കുളിർക്കാറ്റിനാൽ
ഞാനിലഞ്ഞല്ലോയെൻ ഗ്രാമഭംഗി

Abdul Ameen 9B



# വിഷു


വിഷുക്കാലം വന്നാൽ കൊന്നമരത്തിൽ
സ്വർണ്ണമണികൾ പോൽ വിരിയുമാപ്പൂക്കളേ
പറിച്ചെടുക്കാനായ് കൊച്ചു കുട്ടുകാരും
കണികാണും നേരം ഉണ്ണിക്കണ്ണനേ നോക്കി
എല്ലാവരും നന്നായിരിക്കാനായ് പ്രാർത്ഥിക്കേണം.
കണികൾ ഒരുക്കി സന്ധ്യ വെച്ചു
വീട്ടുകാർ ഒന്നിച്ചു കൂടും ദിനം.



*-Nandhana-9B*

# ആഹാ എന്തൊരു മഴ





വാദ്യക്കാരുടെ താളത്തിൽ
നടനം ചെയ്യും കൊച്ചു മഴ
സ്ഫടിക കഷ്ണം ചിതറും പോലെ
പൊട്ടിചിതറും സ്ഫടികമഴ
കൊട്ടും വെടിയും കോർത്തിണക്കി
പൂരം പോലൊരു പേമാരി
നാണത്തിന്മേൽ നാണം കുണുങ്ങി
ചിണുങ്ങിയെത്തും പുത്തൻമഴ
മുത്തുമാല താഴെ വീണ് പൊട്ടി
ചിതറും പോലൊരു മുത്തുമഴ
ആഹാ മഴയിൻ താളത്തിൻമേൽ
നൃത്തം ചെയ്യും ഞാൻ
കണ്ടു കണ്ട് മതിവരാത്ത
പുതുമഴ എന്തൊരു വർണ്ണമഴ

-JOYAL- 9B

# കിളിവാതിലിനപ്പുറം



കിളിവാതിലിനപ്പുറം ഒരു
മഴക്കുടി , വന്നുപ്പോകവേ
ഒററപ്പെടലിന്റെ വേദനകൾ
ഓർമയിൽ സൂക്ഷിക്കാതെ
തണുത്ത സ്പർശനത്തിനായ്
മുഖമൊന്നു നീട്ടവേ
ഹിമകിരണം കുളിരണിയിക്കുന്നു
നിമിഷനേരത്തെ നിശ്ചലാവസ്ഥയിൽനിന്നു
തണുത്തകാറ്റെന്നെ സ്വതന്ത്ര്യയാക്കുമ്പോൾ
പുതിയ ദിവസത്തെ വരവേൽക്കാൻ
കിളിവാതിലിനപ്പുറം ഞാൻ ഇന്നും.........

-Rose mariya- *10 B*




# വിഷുക്കണി

മേടത്തിൽ ഉണരുന്ന വിഷുക്കാലം  വരവായി
മരങ്ങളിൽ  പൂത്തുനിൽക്കുന്ന കണ്ണന്റെ അരഞ്ഞാണം
പോലെ മുഴുവനും മഞ്ഞനിറത്തിൽ പൊതിഞ്ഞ്
കിടക്കുന്നത് കണ്ടീലെയൊ കണികൊന്നയെ

-AKSHAY  RAVI-





# മഴ കവിത

മഴ മഴ മഴ പെയ്യുന്നു
മഴയുടെ താളം കേൾക്കുന്നു
കുട്ടികൾ കുടയുമായ് ചുറ്റിനടക്കും
മുറ്റത്ത് പേപ്പർ വഞ്ചികൾ നിറയും
പുഴകൾ കവിഞ്ഞൊഴുകുന്നു
മരങ്ങൾ കാറ്റത്ത് തലയാട്ടും
കാറ്റു വീശും താളത്തിൽ
മഴയും നൃത്തം ചെയ്യുന്നു
കാറ്റിൻ താളം മഴയുടെ നൃത്തം
കേൾക്കാൻ എന്തൊരു രസമാണെ
മഴ മഴ മഴ പെയ്യുന്നു
മഴയുടെ താളം കേൾക്കുന്നു

**-ALVIN- 9 B**



# അച്ഛനെൻ ജീവൻ

അച്ഛനെൻ ജീവൻ
എൻ അച്ഛനെൻ ജീവൻ
അച്ഛനെന്നരികിൽ ഇല്ലാത്ത നേരത്ത്
എൻ മനസ്സ് തീപോലെപടരും

സ്നേഹമായ്,തണലായ് കുളിരായെൻ
അച്ഛൻ കൂട്ടിനിരിക്കുന്ന നേരം
അച്ഛനെൻ ചാരത്ത് എത്തുന്ന നേരത്ത്
എൻ മനസ്സുണർത്തി

എൻ അച്ഛൻ എനിക്കു കെട്ടിതന്ന ഊഞ്ഞാൽ
മരത്തിൽ എന്നെന്നും ആടിക്കളിക്കും ഞാൻ
സ്നേഹമാണ് അച്ഛൻ
കുളിരാണ് അച്ഛൻ
സ്നേഹത്തിൻ അർത്ഥമാണച്ഛൻ

എൻ പുൻചിരി കാണാൻ എന്നെന്നും
പൊൻഊഞ്ഞാൽപ്പോലെ ആടിടും നേരം
എൻ അച്ഛനെ ഓർക്കുമ്പോൾ
എൻ ഓർമ്മകൾ മനസ്സിൽ തങ്ങി കിടക്കും
നിൻ മനസ്സിൽ എന്നെന്നും ആടിടട്ടെ.

- Alphonsa. TP4

# ജലം



ഓ തിത്തിത്താരാ തിത്തിത്തൈയ്
തിത്തൈയ് തക തെയ് തെയ് തോം
കുടിക്കാനു കുളിക്കാനും
ചെടികൾക്ക് നനയ്ക്കാനും
ജലം വേണമെന്ന കാര്യം മറന്നിടല്ലേ

ഓ.... തിത്തിത്താരാ തിത്തിത്തൈയ്
തിത്തൈയ് തക തെയ് തെയ് തോം
മാനും മീനും പൈക്കിടാവും
പാട്ട പാട്ടും പൂങ്കുയിലും
പുല്ലും നെല്ലും പുലർന്നീടാൻ
തെളിനീർ വേണം

ഓ..... തിത്തിത്താരാ തിത്തിത്തൈയ്
തിത്തൈയ് തക തെയ് തെയ് തോം
മഴവെള്ളം നിറഞ്ഞിട്ടും

കുളം, പുഴ, ചോലയെല്ലാം
ശുചിയാക്കി എന്നുമെന്നും സൂക്ഷിച്ചിടേണം

ഓ..... തിത്തിത്താരാ തിത്തിത്തൈയ്
തിത്തൈയ് തക തെയ് തെയ് തോം

**PARTHIPAN STD;9B**



## മഴ

മഞ്ഞത്തവളേ.........മഞ്ഞത്തവളേ.........
മഴക്കാലം വന്നതറിഞ്ഞില്ലേ
മഴയിൽ തുള്ളിച്ചാടി നടക്കാൻ
മഞ്ഞത്തവളേ പോരുലേ.........

മഴയിൽ കളിചിരിക്കൂട്ടിച്ചേർത്താൽ
എന്തുരസമാണെന്നറിയൂലേ
എന്നിട്ടെന്താ മഞ്ഞത്തവളേ
എൻക്കൂടെ നീ പോരാത്തേ

മഴയുടെ താളം, ഇടിയുടെ മേളം
കേട്ടുരസിക്കാൻ സുഖമല്ലേ
എന്നിട്ടെന്താ മഞ്ഞത്തവളേ
എൻക്കൂടെ നീ പോരാത്തേ

മഞ്ഞത്തവളേ.........മഞ്ഞത്തവളേ.........
മഴക്കാലം വന്നതറിഞ്ഞില്ലേ
മഴയിൽ തുള്ളിച്ചാടി നടക്കാൻ
മഞ്ഞത്തവളേ പോരുലേ........



-BLESSY-9B

## *മുത്ത്*



അറിയായെയേതോ ചിപ്പിയിലടർന്നു വീണ

മഴത്തുള്ളിപോൽ ആയിരംനാൾ

ഉലയിലുയിരുകൊണ്ടൊരാ കനൽപോലെ മുദമാം

തുടിതാളമായ് കണ്ണിൽ

കൃസൃതി നിറഞ്ഞൊരു കുപ്പിവളപോൽനീ

ഒരു വേള ഉയിരായി ,വസന്തമായി

ഉയിർക്കുവാൻ ,കണിക്കൊന്നപോൽ

പൂക്കുവാൻ അമ്മയാം ചില്ലയിൽ കൂട്ടു കൂട്ടിയ

കൊച്ചരിപ്രാവുപോൽ മകളേ നീ

നിനക്കായ് ചിപ്പിചായൊരു പെൺമനം


*- ബിന്ദു-*

*എച്ച് എസ് എ മലയാളം*

# വാക്ക്

ഒരു വാക്ക്ചുണ്ടിൽ വിരിയുന്ന വാക്ക്
കേൾക്കാൻ കൊതിച്ചോരുവാക്ക്
കേട്ടു കേട്ടു മതിമറക്കാൻ
കൊതിക്കുന്ന വാക്ക്
കേട്ടിട്ടില്ലാത്ത വാക്ക്
നോമ്പുനോറ്റൊരു വാക്ക്
ഒരു ചെറുവാക്ക്
അമർന്നുപോയ ആ ചെറിയ വാക്ക്
എന്തേ പറഞ്ഞതില്ല.........





-ALEX DAVIS-

# നമ്മുടെ ഭൂമി



നമ്മുടെ ഭൂമി
കേരളഭൂമി
നാടിൻ സുന്ദര ഭൂമി
പച്ചപ്പട്ട് വിരിക്കും ഭൂമി
നമ്മുടെ ഭൂമി
കേരള ഭൂമി
നാടിൻ സുന്ദരിയാം ഭൂമി
സുന്ദരിയാം പുഴകൾ നീന്തും
മഴവിൻ ശകതിയാൽ വന്നൊരു ഭൂമി
നമ്മുടെ ഭൂമി
കേരളഭൂമി
സുന്ദരിയാം മലകൾ താണ്ടും
നമ്മുടെ നാടിൻ സുന്ദരഭൂമി
മധുരിമയേറും മലയാള ഭാഷ
നമ്മുടെ ഭൂമി മലയാള ഭൂമി
നമ്മുടെ ഭൂമി കേരള ഭൂമി
ചഞ്ചലമാടി നൃത്തം വെയ്ക്കും
നമ്മുടെ ദേവിക്ക് തണലായ്
നമ്മുടെ വൃഷ കന്യകമാർ



-ROY-9B

# കർഷകൻ



കർഷകനെന്നുമീ ഗ്രാമഭംഗി
ഗ്രീഷ്മത്തിലെല്ലാം കരിഞ്ഞു പോകുമ്പോഴും
ഗ്രാമം സമൃദ്ധമായ് നിന്നിടുന്നു
തെങ്ങും കവുങ്ങും മുളകു കൊടികളാൽ
തൊങ്ങലയണിയിച്ച പാഴ്മരവും
ചേനയും ചീരയും വാഴയും മത്തയും
ചേമ്പും കരിമ്പും പടവലവും
പ്ലാവും പനയും പുളിമരവും കടപ്ലാവും
ഇലവും പറങ്കിമാവും
മാവും മുരിങ്ങയും മറ്റു മരങ്ങളും
മുറ്റിത്തഴയ്ക്കുന്ന ഭ്രപ്രദേശം
ദൂരത്തു നില്ക്കിലും കാണാമഴകുറ്റ
പച്ചത്തഴപ്പും വനന്തലപ്പും
കർഷകനാണീയഴകു തുളുമ്പുന്ന
പച്ചത്തഴപ്പിന്റെ നെയ്ത്തുകാരൻ
തൻമെയ് വിയർപ്പിനാൽ ജീവനം നൽകിയും
പ്രത്യാശകൾകൊണ്ടുയിർ കൊടുത്തും
വറ്റാതെ വരളാതെ നിർത്തുന്നു



-LAXMI-9B

# എന്റെ ബാല്യകാലം

ഉമ്മറക്കോലയിൽ ഞാനിരുന്നപ്പോൾ
ഓർമ്മയിൽ വന്നെത്തി ബാല്യകാലം
അമ്മതൻ താരാട്ട് പാടിയുറങ്ങി എത്ര
മധുരമാണെന്റെ ബാല്യം
ചക്കരമാമ്പഴചോട്ടിലിരുന്ന്
തോഴരോടൊത്തു കളിച്ചകാലം
കൈത്തോടിൻ വക്കത്തിനു ഞാനെപ്പോഴോ
തോണിയൊഴുക്കികളിച്ചോരോർമ്മ
പാറിപ്പറക്കുന്ന തുമ്പിയെ നോക്കി ഞാൻ
ചെമ്പനീർക്കാട്ടിലലഞ്ഞ കാലം
ഓർമ്മയിലെന്നും നിറങ്ങളാൽ
മുത്തശ്ശിക്കഥക്കേട്ട പുണ്യകാലം
എന്നുമെൻ ഓർമ്മയിൽ ബാല്യകാലം
എന്നും സുന്ദരസ്വപ്നത്തിൽ വർണക്കാലം



# കുട്ടന്റെ പൂച്ച

കുട്ടനുണ്ടൊരു  ചെറുപൂച്ച
സുന്ദരനായൊരു ചെറുപൂച്ച
കുട്ടനൊപ്പമുറങ്ങുന്ന
പാൽമണമുള്ളൊരു ചെറുപൂച്ച
കുട്ടൻ കരയുമ്പോൾ
പൂച്ചയുമൊപ്പം കൂടീടും
ഉണ്ണിചിരിക്കും നേരത്തോ
ചാടി മറിഞ്ഞു രസിച്ചീടും

-ANAMIKA-4B

# ' Girls and Boys Come Out to Play '



*Girls and boys come out to play*
*The moon does shine as bright as day*
*Leave your supper and leave your sleep*
*And join your play fellows in the street*
*[Girls and boys........]*

NAMITHA-9A

*Come with a doll and come with a ball*
*Come with a good will*
*or come not at all*

*Up the ladder  and  Down the wall*
*join your play fellows*
*in the street*
*[Girls and boys....]*



-



## Butterfly

Butterfly, Butterfly you are very beautiful

Butterfly, Butterfly I like you so much

Butterfly, Butterfly you are so cute

Butterfly, Butterfly you are very beautiful



-Anooj-9a

# पहाड़ की दहाड़





*पहाड़ कोई दहाड़ देता नहीं;*
*दहाड़ देनेवाला असल में शेर होता है।*
*दहाड़ देनेवाला पहाड़ भी होता है ,*
*उसे कहते हैं ज्वालामुखी।*
*पर , हमारे यहाँ ऐसा कोई पहाड़ नहीं।*
*हाँ... मैं एक बार गया था पहाड़ गंज*
*पर , वहाँ मैं ने कोई दहाड़ देनेवाले*
*शेर को न देखा।*
*बगल में संसद सभा गया था ;*
*वहाँ कई शेर दहाड़ दे रहे थे व्पथ।*
*व्पथ दहाड़ से किसी की भूख मिटती नहीं ;*
*उसी पकार पहाड़ की दहाड़ सुनकर*
*कोई अपनी मिट्टी छोड़ता नहीं।*

-SUNIL B ,HSA HINDI

# അമ്മ




ദൈവം, സൃഷ്ടികളോടുള്ള തൻെറ സ്നേഹം അതിൻെറ പൂർണതയിൽ പ്രകടിപ്പിക്കാനും കുറവു കൂടാതെ പകരാനുംവേണ്ടി അമ്മയെ ഏല്പിച്ചിരിക്കുകയാണ്. അമ്മയുടെ അനുഗ്രഹം നേടിയെടുക്കുന്നവർ ജീവിതത്തിൽ ഐശ്വര്യങ്ങൾ ദർശിക്കും. അമ്മയുടെ സ്നേഹത്തിന് ഉദാഹരണമാണ് "പെലിക്കൻ പക്ഷി". പെലിക്കൻ പക്ഷിയുടെ മുട്ടകൾ വിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തുവരുന്നു. ഈ കുഞ്ഞുങ്ങൾക്കു ജീവിക്കാൻ രക്തം വേണം. മറ്റു തീറ്റകളൊന്നു തിന്നില്ല. അതിനാൽ അമ്മ പക്ഷി തന്റെ നീണ്ട കൊക്ക് കൊണ്ട് സ്വന്തം ഹൃദയത്തിൽ ആഞ്ഞുകൊത്തുന്നു.ഹൃദയംപൊട്ടി തുള്ളി തുള്ളിയായി വീഴുന്നരക്തംകുഞ്ഞുങ്ങൾക്ക്നൽകുന്നു.

കുഞ്ഞുങ്ങൾഅതുകുടിക്കുന്നു.അവസാനംതള്ളക്ഷിപിടഞ്ഞു

മരിക്കുന്നു. ഏതു കുറ്റവുംപൊറുക്കുന്ന കോടതിയാണ് അമ്മയുടെ ഹൃദയം.

Ayana Babu 9B



# പ്രളയം

എന്തു  മനോഹരമാണ് മഴ.മഴ എന്നു കേൾക്കുമ്പോൾ
നമ്മുടെ മനസ്സിലേക്ക് ഓടി എത്തുന്നത് കുളിരാണ്.
മഴ നമ്മുക്ക് സന്തോഷമാണ് നൽകുന്നത്.മഴ നമ്മുക്കു തരുന്ന സന്തോഷങ്ങൾ ഒത്തിരിയുണ്ട്.മഴ പെയ്യുന്ന ദിവസം നമ്മുക്കു മറക്കാൻ പറ്റാത്ത ദിവസമാണ്.മഴ നമ്മുടെ സുഹൃത്താണ്.ചില മഴ നമ്മുക്ക് സന്തോഷം തരുന്നു പക്ഷേ ചില മഴകൾ നമ്മുക്ക് സങ്കടവും നൽകുന്നു.നമുക്കുണ്ടായ പ്രളയം ഇതിനു ഉദാഹരണമാണ്. നമ്മൾ ഓർക്കാൻ ആഗ്രഹിക്കാത്ത അനുഭവം. ഒരുപാട് ദുഃഖങ്ങൾ ബാക്കി വച്ച പ്രളയം. ഒരുപാട് പാഠങ്ങൾ പഠിപ്പിച്ച  പ്രളയം.
ഒരു ദുഃഖ ഓർമയായി  പ്രളയം മാറുന്നു.

-ANEES-9B



# മഴ തുള്ളികൾ പറയുന്നത്

***ഞങ്ങളെ കാണാൻ എന്ത് രസമാണ്***
***ഞങ്ങൾ എല്ല വൃഷങ്ങൾക്കും,ചെടികൾക്കും വെള്ളം നൽകുന്നു***
***ഞങ്ങളെ കാണുമ്പോൾ നിങ്ങൾക്ക് സന്തോഷമാണ് ഉള്ളത്***
***ഞങ്ങളാണ് നിങ്ങൾക്ക് കുടിക്കാൻ  വെള്ളം തരുന്നത്.***

***ഞങ്ങൾ നിങ്ങളെ സ്പർശിച്ചാൽകുളിരാണ് ഉണ്ടാവുന്നത്.***

*- Rona joy-  9A*

## നമ്മുടെ അയൽബന്ധങ്ങൾ

ആധുനിക ഇലക്ട്രോണിക് യുഗത്തിൽ മനുഷ്യന്റെ ജീവിതശൈലിയിൽ ഏറെ മാറ്റം വന്നിരിക്കുന്നു.. പഴയ കൂട്ടുകുടുംബങ്ങളുടെസ്ഥാനത്ത് ഇന്ന് ചെറിയ കുടുംബങ്ങളാണ് എവിടെയും. കുടുംബത്തിലെ അംഗസംഖ്യയിൽ കുറവുവന്നുവെന്നതിനെക്കാൾ ശ്രദ്ധേയമായ ഒന്നാണ് കുടുംബങ്ങൾ തമ്മിലുള്ള ബന്ധത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ. സ്വന്തക്കാരെയോ അയല്ക്കാരെയോ ശ്രദ്ധിക്കാൻ ഇന്നാർക്കും സമയമില്ല. സമൂഹജീ-വിയാണു മനുഷ്യൻ.പക്ഷേ, ആധുനികമനുഷ്യരിൽ നല്ലപങ്കം ഒറ്റപ്പെട്ട തുരുത്തുകളായി മാറിക്കൊണ്ടിരിക്കുകയാണിന്ന്. കടുത്ത ഏകാന്തതയിൽ കഴിഞ്ഞുകൂടാൻ വിധിക്കപ്പെട്ടവർ അനവധിയാണ്. കുടുംബബന്ധങ്ങളിലും അയല്ബന്ധങ്ങളിലും വന്നുകൊണ്ടിരിക്കുന്ന തകർച്ചയാണ് ഈ പ്രതിഭാസത്തിനു കാരണം.1982-ൽ ജർമനിയിലെ പത്രങ്ങൾ റിപ്പോർട്ടുചെയ്ത ഒരു വാർത്ത ആധുനിക മനുഷ്യന്റെ ഒറ്റപ്പെടലിന്റെ രേഖാചിത്രം നമുക്കു നല്കുന്നുണ്ട്. ജനസാന്ദ്രമായ മ്യൂണിക് നഗര-ത്തിലെ ഒരു വാടകക്കെട്ടിടത്തിൽ ഒറ്റയ്ക്കു താമസിച്ചിരുന്ന കോണിഗ് എന്നു പേരുള്ള വൃദ്ധൻ 1975-ൽ സ്വന്തംമുറിയിൽ ശ്വാസതടസ്സംമൂലം മരിച്ചിട്ട ഏഴുവർഷങ്ങൾക്കു ശേ.ഷം 1982 ലാണ് അയൽ വാസികളും അധികൃതരും അറിയുന്നത് എ ന്നതാണ് ഞെട്ടിക്കുന്ന സത്യം. ഔദ്യോഗിക കാര്യങ്ങൾക്ക് ബന്ധപ്പെടാൻ ആഗ്രഹിച്ച പെൻഷൻ അധികൃതരാണ് കോണിഗിന്റെ അസ്ഥികൾ മുറിയിൽ കണ്ടെത്തിയത്. മനുഷ്യൻ സ്വാർഥനാകുന്തോറും അന്യന്റെ കാര്യങ്ങൾ ഒട്ടും ശ്രദ്ധിക്കാതാകും. .നല്ല കുടുംബബന്ധങ്ങൾ വളർത്തിയെടുക്കാൻ കുട്ടികളുടെ മാതൃക ചിലപ്പോൾ മാതാപിതാക്കന്മാർക്കു സഹായകമാകും.

# ഉലകം ചുറ്റും തുലാതുമ്പികൾ



ഗ്ലോബൽ സ്കിമ്മർ എന്നറിയപ്പെടുന്ന തുലാതുമ്പിക ലോകം ചുറ്റുന്ന സഞ്ചാരിത്തുമ്പികളാണ്. തുലാമാസത്തിന്റെ ആരംഭത്തോടെ,കേരളത്തിലെത്തി ആഴം കുറഞ്ഞ ജലാശയങ്ങൾക്കും വയലുകൾക്കും, മേലെ പറന്നുനടന്ന് കൃഷിക്കും മനുഷ്യനും ഉപദ്രവം വരുത്തുന്ന കീടങ്ങളെ ഇവ തിന്നൊടുക്കും. ഇവ വെള്ളത്തിൽ മുട്ടയിടും. ലാർവകൾ കൊതുകിന്റെ കൂത്താടിയേയും തിന്നൊടുക്കും. ലോക പരിക്രമം പൂർത്തിയാക്കുന്നത്




ALEENA-8B

# ബുദ്ധമയൂരി papilio buddha



2018 നംവ. 12 ന്സംസ്ഥാനചിത്രശലഭം എന്ന പദവിലഭിച്ചചിത്രശലഭമാണ് ബുദ്ധമയൂരി .മയിലിന്റെ വർണം ഉള്ളതിനാലാണ് ഇവയെ മയൂരി എന്ന് നാമം ചെയ്തിരിക്കുന്നത് .ചിറകുവിടർത്തുമ്പോൾ ചിറകുകൾ തമ്മിലുള്ള അകലം 90-100 മി.മി ആണ് . ഭംഗിയേറുന്ന വിധത്തിൽ തിളങ്ങുന്ന പച്ച നിറം ഇരുണ്ട നിലനിറത്തിൽ കറുപ്പുമായി കലർന്ന് ചിറകിന്റെ മദ്ധ്യത്തിൽഒരു പട്ട കാണാം പിൻചിറകിൽ നീണ്ട ചെറുവാലുണ്ടാകും. അവസാനത്തിൽ കറുത്ത പുള്ളിക്കുത്തും അതിനെച്ചുറ്റി ചുവന്ന നിറവുംകാണാം. മുൻചിറകുകളുടെ അടിഭാഗത്ത് ചാരനിറത്തിലുള്ള ഒരുപട്ടയുണ്ട് .

## ആഹാരരീതി

ഹനുമാൻ കിരിടം എന്ന് വിളിയ്ക്കപ്പെടുന്ന ഒരുതരം ചെടിയുടെ പൂക്കളിലെ തേനാണ് ഇവയുടെ ആഹാരം.

## കാണപെടുന്നസ്ഥലങ്ങൾ



* ഇലപൊഴിയും വനങ്ങൾ
* നിത്യഹരിത വനങ്ങൾ
* അർദ്ധനിത്യഹരിതവനങ്ങൾ

സംഗീത ദാമോദരൻ HSA Natural Science

# അഗ്നിപർവതങ്ങൾ



ഭൂമിയുടെ പുറന്തോട് പല പാളികൾ (layers) ആയി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇ-വയുടെ കനം 70 മുതൽ 100 കിലോമീറ്റർ വരെയാണ്. ഇവയ്ക്കിടയിലെ താപനില വളരെ ഉയർന്നതിനാൽ പാറകളും മറ്റും ദ്രവാവസ്ഥയിലാണ് ഇവിടെ. ഇതാണ് മാഗ്മ. ഫലകചലനങ്ങളുടെ ഫലമായി ഫല - കാതിരുകളിലെ വിള്ളലുകളിലൂടെ ഉരുകിയ ഈ ശിലാദ്രവം പുറത്തേക്കു കുതിച്ചുവന്നാണ് അഗ്നിപർവതങ്ങൾ രൂപം കൊള്ളുന്നത്.

-AISWARYA POULOSE-





## മിന്നലിന്റെ രഹസ്യം

മിന്നൽമേഘങ്ങളിൽ നടക്കുന്ന വൈദ്യുത ചാർ-ജ്ജുകളാണ് ഇടിമിന്നലിനു കാരണം. ഞൊടിയിടയ്ക്കുള്ളിൽ നടക്കുന്ന അതിഭയങ്കരമായ വൈദ്യുത പ്രവാഹത്തിൽ അതിനിടയ്ക്കുള്ള വായു 20,000 ഡിഗ്രി സെൽഷ്യസോളം ചൂടാക്കപ്പെടുന്നു. ഇതു ചുറ്റുമുള്ള വായുവിനെ ഒരു ഷോക്ക് വേവ് ഉണ്ടാക്കി പെട്ടെന്നു തൂത്തെറിയുന്നു.

ആദ്യം ശബ്ദാതിവേഗത്തിലുള്ള തരംഗങ്ങൾ കൂറച്ചകലെയെത്തുമ്പോൾ മർദം കുറഞ്ഞ് അതിഭയങ്കരമായ ശബ്ദതരംഗങ്ങളായി മാറ്റപ്പെടുന്നു. ഇതാണ് ഇടിമുഴുക്കമായി കേൾക്കുന്നത്. വൈദ്യുത ചാർജ്ജിന്റെ ഫലമായി തീ ജ്വാലയും ശബ്ദവും ഒരുമിച്ചാണു-ണ്ടാകുന്നത്. പക്ഷേ വെളിച്ചം സെക്കൻഡിൽ മൂന്നു-ലക്ഷം കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കുമ്പോൾ ശബ്ദത്തിന് ഏകദേശം 340 മീറ്ററേ സഞ്ചരിക്കാനാകൂ. അതിനാൽ മിക്കപ്പോഴും ഇടിമിന്നൽ കണ്ടശേഷമാകും മുഴക്കം കേൾക്കുക.

സുഹറബീവി ഇ എസ്

**HSA PHYSICAL SCIENCE**

# മറുനാടൻ മധുരങ്ങൾ



## റംബുട്ടാൻ

ഇടത്തരം വൃക്ഷമായി ശാഖകളോടെ വളരുന്ന ഇനമാണ് റംബൂട്ടാൻ .വേനലിൽ പൂക്കകയും മഴക്കാലത്ത് കായ്ക്കകയും പഴുക്കകയും ചെയ്യും. പഴം പുറം രോമങ്ങൾ കൊണ്ട് നിറഞ്ഞിരിക്കും. വിത്തിനെ പൊതിഞ്ഞിരിക്കുന്ന മാംസഭാഗം കഴിക്കാം ചുവപ്പ് മഞ്ഞ എന്നിങ്ങനെ വ്യത്യസ്ത ഇനങ്ങൾ ഇവയിൽ കാണാറുണ്ട്. മലേഷ്യയാണ് റംബൂട്ടാന്റെ ജന്മദേശം

## അബിയു



മുട്ടപ്പഴം ചെടിയുമായി സാമ്യം തോന്നുന്ന അബിയും പഴം ഇലപ്പടർപ്പോടെ വളർന്ന് ശാഖകൾക്കിടയിൽ ഗോളാകൃതി യിലാണ്. കായ്കൾ പഴുക്കുമ്പോൾ മഞ്ഞനിറമാകും. കട്ടിയു ള്ള പുറം തോട് മുറിച്ച് ഉള്ളിലെ ഇളകിയ പൾപ്പ് കോരിക്കഴികാം. വേനലിലാണ് ഇവയുടെ പഴക്കാലം. തെക്കേ അമേരിക്കയാണ് അബിയുവിന്റെ ജന്മദേശം.

-SAJIN-9B





# ഭക്ഷണം വേണ്ട താമസം മാത്രം

വാസത്തിനുമാത്രം മറ്റു സസ്യങ്ങളെ ആശ്രയിക്കുന്ന സസ്യങ്ങളാണ് അധിപാദസസ്യങ്ങൾ അഥവാ എപ്പിഫൈറ്റുകൾ. ഇവ ആതിഥേയ സസ്യത്തെ ആശ്രയിക്കാതെ സ്വന്തമായി ആഹാരം നിർമ്മിക്കുന്നു. മരവാഴ ഒരു ഉദാഹരണമാണ്. നമ്മുടെ നാട്ടിൽ സാധരണയായി മാവിലും പ്ലാവിലുമാണ് മരവാഴ കാണപ്പെടുന്നത്. ഇവയുടെ വേരുകൾ അന്തരീക്ഷത്തിൽ തൂങ്ങിക്കിടക്കും. അലങ്കാരാവശ്യങ്ങൾക്കും മരവാഴ കൃഷിചെയ്യുന്നുണ്ട്.

അന്ന ജോഷി 9A



## About My School

My school is a wonderful gift for me. In my school I found my sweet and friendly brothers and sisters. I found the teachers as my parents , they have the right to should us. I feel like as sitting in my home when I was sitting in my classroom. My school is a stream of knowledge and teachers make students to get more knowledge from them. The school make aware of thinking ,about our skills . My school gave me an opportunity to get rid of my stage fear. My school is with full of friends like angles. I share my sadness and happiness to my close friends. My school and my teachers motivate the students very well. I taught that my school days are very beautiful, it make me laugh before I go to bed I think about whatever the thinks that happened in my class.

please be a good student and obey your teachers....

MAHIMA 9A

# THE FOOD THAT WE EAT

We need a lot of physical and mental energy to meet the stresses and challenges of life. Energy comes from the food we eat. Therefore , It is important that we eat and how we eat. Eating habits are extremely important. Unfortunately with the younger generation , The concept of food and eating habits is changing very fast. Junk food is an important term for food is of little nutritional value. Such food is high in fat, sugar and other calories with little proteins, vitamins or minerals. Common junk food includes salted snack foods, gum, candy, sweets, dessert, fried fast food and carbonated beverage. These foods have negative food effects. They also involve cultural degradation through shifts in peoples eating patterns away from traditional food. *That is why it is important to eat balanced diet choosing a wide variety of foods and drinks from all the food group. It also means eating certain things in moderation namely saturated fat, trans fat cholesterol, refined sugar salt and alcohol.*

*The goal is to take in nutrients you need for health.*

GOKUL



# ചങ്ങാതി



ഒരിടത്തൊരിടത്ത് ഒരു മുയൽ ഉണ്ടായിരുന്നു. മുയലിന് ഒരു കൂട്ടുകാരനുണ്ടായിരുന്നു. അത് ഒര് പുലിയായിരുന്നു. ആ പുലിക്ക് ഒരു മുയലിനെ തിന്നണമെന്നുണ്ടായിരുന്നു. പക്ഷെ, മുയലിന് അതറിയില്ലായിരുന്നു. പുലിയും മുയലും കളിക്കുകയായിരുന്നു . ആ തക്കംനോക്കി പുലി മുയലിനെ അകത്താക്കൻ ഉദ്ദേശിച്ചു. അപ്പോഴേക്കും മിട്ടു എന്ന ആന ആ വഴി വരുന്നുണ്ടായിരുന്നു. മിട്ടുവിന് ആ പുലിയുടെ മനസ്സിലിരിപ്പ് പിടികിട്ടി. ആന പുലിയെ ഒരു ചവിട്ടു കൊടുത്തു. ചവിട്ട്കൊണ്ട പുലി ആനയോട് 'നീ എന്തിന് എന്നെ ചവിട്ടി ' എന്ന് ചോദിച്ചു. നീ എന്തിന് മുയലിനെ തിന്നാൻ നോക്കിയതെന്ന് ആന ചോദിച്ചു . അങ്ങനെ അവർ തമ്മിൽ നല്ല വഴക്ക് . അപ്പോൾ മുയൽ പൊട്ടിച്ചിരിച്ചു. എന്നിട്ടു പുലിയോട് മുയൽ പറഞ്ഞു, "കൂടെ നിന്ന് ചതിക്കുന്നവൻ ഒരിക്കലും സ്വന്തം കൂട്ടുക്കാരനാവില്ല " അന്നുമുതൽ പുലി തന്റെ കൂട്ടുകാരെയാരെയും ചതിച്ചിട്ടില്ല.

-MEENAKSHI-2A



## നല്ല മനസ്സ്

ഒരിടത്ത് ഒരിടത്ത് ഒരു കാട്ടിൽ ഒരു അമ്മൂമ്മയും മോനും താമസിച്ചിരുന്നു. അവരുടെ വീട് കാടിന്റെ നടുവിലാണ്. ഒരു ദിവസം അവർ കാട്ടിലൂടെ നടന്നു പോവുകയായിരുന്നു. അപ്പോഴാണ് അവർ അതുകണ്ടത്, ഒരു പാവം കിളി താഴെവീണു കിടക്കുന്നു. അവൻ അമ്മൂമ്മയോട് ചോദിച്ചു: അമ്മൂമ്മേ അമ്മൂമ്മേ നമുക്കു ആ കിളിയെ വീട്ടിൽ കൊണ്ടു പോവാം. അമ്മൂമ്മ പറഞ്ഞു , ശരി ആ കിളിയെ സൂക്ഷിച്ചു എടുത്തോളൂ.

*ശരി അമ്മൂമ്മേ, കുട്ടു പറഞ്ഞു. അവർ ആ കിളിയെ എടുത്തു എന്നിട്ട് ആ പക്ഷിക്ക് ഭക്ഷണം കൊടുത്തു. പിന്നെ ആ പക്ഷിയുടെ ക്ഷീണവും തളർച്ചയും പോയി. പിന്നെ അവർ അതിനെ പറത്തി വിട്ടു.*

-ABIRAMI-2B

# ജന്തുശാസ്ത്രം



1. ലോകത്തിലെ ഏറ്റവും വലിയ ജീവി ഏതാണ്?

ഉ: **നീലതിമിംഗലം**



2. പല്ലുകൾ ഉള്ള പക്ഷി ഏതാണ്?




ഉ: **വവ്വാൽ**

3. ഏറ്റവും കൂടുതൽ ആയുസ്സുള്ള ജീവി ഏതാണ്?



ഉ: **ആമ**

4. പറക്കാൻ കഴിയാത്ത പക്ഷി ഏത്?



ഉ: **കിവി**

5. ഇന്ത്യയിൽ ഏറ്റവും കാണപ്പെടുന്ന പക്ഷി ഏതാണ്?



ഉ: **കാക്ക**

6. വർത്തമാനം പറയുവാൻ കഴിവുള്ള പക്ഷി ഏതാണ്?

ഉ: **മൈന**



7. ത്വക്കിലൂടെ ശ്വസനം നടത്തുവാൻ കഴിവുള്ള ഒരു ജീവി ഏതാണ്?




ഉ: **മണ്ണിര**

8. ഏറ്റവും കൂടുതൽ ദൂരം പറക്കുന്ന ദേശാടനപ്പക്ഷി ഏതാണ്?

ഉ: **ആർട്ടിക് ടേൺ**



9. നൂറ് വർഷത്തോളം ആയുസ്സുള്ള ജീവി ഏതാണ്?



ഉ: **ചീങ്കണ്ണി**

10. ഏറ്റവും കൂടുതൽ മുലപ്പാൽ ഉൽപാദിപ്പിക്കുന്ന ജന്തു ഏത്?

ഉ: **ചുണ്ടെലി**



-ALEENA-8B

# സസ്യലോകം

1. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പുല്ല് വർഗത്തിൽപ്പെട്ട ചെടി ?

ഉ: **മുള**

2. ഒരില മാത്രമുള്ള ചെടി ?

ഉ: **ചേന**

3. ഏറ്റവും വലിയ ഔഷധി ?

ഉ: **വാഴ**

4. നെല്ലിന്റെ ശാസ്ത്രീയനാമം ?

ഉ: **ഒറൈസ സറ്റൈവ**

5. ഹരിതകമില്ലാത്ത രണ്ട് സസ്യങ്ങൾ ?

ഉ: **കൂൺ,പൂപ്പൽ**

6. കറുത്തപൊന്ന് എന്നറിയപ്പെടുന്ന കാർഷികോല്പന്നം ?

ഉ: **കുരുമുളക്**

7. കാബേജിൽ ഭക്ഷണമായി ഉപയോഗിക്കുന്ന ഭാഗം ?

ഉ: **ഇല**

8. ലോകത്തിലെ ഏറ്റവും വലിയ ഫലം ലഭിക്കുന്ന വൃക്ഷം ?

ഉ: **പ്ലാവ്**

# കൃഷി ചൊല്ല്



- കൈയ്യാടിയാലെ വായാടൂ
- സമ്പത്ത്കാലത്ത് തൈപത്ത് വച്ചാൽ
  ആപത്ത് കാലത്ത് കാപത്ത് തിന്നാം.
- വിതയ്ക്കുന്നവർ കൊയ്യും
- കല്ലാടും മുറ്റത്ത് നെല്ലാടൂല
- പാടം കൊണ്ട് വീട് പുലരും
- തെങ്ങ്തന്നെ കൽപ്പവൃക്ഷം
- കാണം വിറ്റും ഓണം ഉണ്ണണം
- കൃഷിചെയ്താൽ നാടുയരും
- പണിയെടുക്കാതെ പണം ഇല്ല

-ANU-9A



## പഴഞ്ചൊല്ല്

- അകലത്തെ ബന്ധുവിനെക്കാൾ അയലത്തെ ശത്രു നല്ലത്.
- ആറ്റിൽ കളഞ്ഞാലും അളന്നു കളയണം.
- അത്താഴം മുടങ്ങാൻ നീർക്കോലി മതി.
- അധികം കൂവുന്ന കോഴി അല്പമേ മുട്ടയിടൂ.
- ആളേറിയാൽ പാമ്പ് ചാവില്ല.
- ഉത്സാഹമുണ്ടെങ്കിൽ അത്താഴമുണ്ണാം.
- ഉറങ്ങുന്നവനെ ഉണർത്താം ഉറക്കം
- നടിക്കുന്നവനെ ഉണർത്താൻ പറ്റുമോ.
- ഗതികെട്ടാൽ പുലി പുല്ലും തിന്നും.
- ചിരട്ടയിലെ വെള്ളം ഉറുമ്പിന് സമുദ്രം.
- ചത്തകുട്ടിയുടെ ജാതകം നോക്കുമോ.
- ചൊട്ടയിലെ ശീലം ചുടല വരെ.
- ഉത്തരത്തിലിരിക്കുന്നത് എടുക്കുകയും വേണം കക്ഷത്തിലിരിക്കുന്നത് പോവുകയുമരുത്.--

-JISSMON- 9A

## കടംകഥ

1. ആയിരം കണ്ണൻ ആറ്റിൽച്ചാടി ?

ഉ: വല

2. ഒരകം നിറച്ചിരുട്ട്?

ഉ: എള്ള്

3. തോണ്ടാത്തകിണറേത്?

ഉ: കടൽ

4. പച്ചക്കാട്ടിൽ പല്ലിമുട്ട?

ഉ: അടയ്ക്കാക്കുരു

5. പിരിയാത്ത കയർ?

ഉ: പാമ്പ്

6. പിരിയാത്ത പാൽ?


ഉ: റബ്ബർപാൽ

7. മണ്ണിനുള്ളിൽ പൊന്നുന്തൂല്?

ഉ: മഞ്ഞൾ



-AMALDEV-9A



# ഗണിതശാസ്ത്ര ക്വിസ്



1.എണ്ണൽ സംഖ്യാഗണത്തെ സൂചിപ്പിക്കുന്ന ചിഹ്നം ഏത്?

ഉ.: n={1,2,3,................}

2.അഖണ്ഡസംഖ്യാഗണത്തെ സൂചിപ്പിക്കുന്ന ചിഹ്നം ഏത്?

ഉ: w={1,2,3,.................}

3.ദ്വിമാന സമവാക്യത്തിൽ മൂല്യഗണത്തിലെ അംഗങ്ങളുടെ ഗുണനഫലം എന്ത്?

ഉ: c/a

4.എണ്ണൽ സംഖ്യകളിൽ പെടാത്ത അഖണ്ഡ സംഖ്യ ഏത്?

ഉ: 0

5.ഇരട്ട അഭാജ്യസംഖ്യ ഏത്?

ഉ: 2


6.ഏറ്റവും വലിയ നെഗറ്റീവ് പൂർണ്ണംഖ്യ ഏത്?

*ഉ.: -1*

-NEHA-9A



# മഹാന്മാരുടെ മഹത്തായ വാക്കുകൾ



## ശ്രീനാരായണഗുരു

**.ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്**

**ഒരു യോനിയൊരാകാരമൊരുഭേദവുമില്ലതിൽ**

**.അവനവനാത്മസുഖത്തിനാചരിക്കുന്നവ**

**അപരന്ന് സുഖത്തിനായ് വരേണം**

**.നല്ലതല്ലൊരുവൻ ചെയ്ത നല്ല കാര്യം**

**മറപ്പതല്ലതല്ലാത്തതുടനെ മറന്നിടുന്നതുതതമം**

\- THANISHQ-9B




# ബ്രഹ്മാനന്ദ ശിവയോഗി




**പഠിപ്പു തന്നെ മനുജന്നു ഭൂഷണം**
**ഉടുപ്പുഭൂഷാദികളൊന്നുമല്ലഹോ**
**മിടുക്കരായിട്ടു വരേണമെങ്കിലോ**
**മടിച്ചിടാതങ്ങു പഠിച്ചുകൊള്ളുവൻ**
**.മനസ്സിലെ ശാന്തി സ്വർഗവാസവും**
**ശാന്തി നകരവുമാണ് വേറെ**
***സ്വർഗനകരകങ്ങളില്ല***






GHSS CHERANALLOOR





GHSS CHERANALLOOR




-ANAMIKA-



-NANDHITA-6B




-JUDES-10A



-DEVIKA-8B

# കുട്ടിക്കൂട്ടം



# മാർഗ്ഗദീപങ്ങൾ



# ശലഭത്തിന്റെ ചിറകുകൾ

നന്ദന

പവിത്ര

ബ്ലെസി

ലക്ഷ്മി

അയന

അന്ന ജോഷി

പാർത്ഥിപൻ

ഗോകുൽ

അമൽ ബെന്നി

അമൽദേവ്

നിക്കോളാസ് സജി

*അനീസ്*

## നന്ദി

'ശലഭ'ത്തിന് അറിവിന്റെ വർണചിറകുകൾ വിരിക്കാനും നൂതന സാങ്കതിക വിദ്യയുടെ ആരാമത്തിലേക്ക് ചിറകടിച്ചെത്താനും ഊർജം പകർന്നു നൽകിയ പ്രിയ **എച്ച്. എം.** രവീന്ദ്രൻനായർ കെ.എസ് . സാറിനും കൈറ്റ് മിസ്ട്രസ് സംഗീത ടീച്ചറിനും സുഹറ ടീച്ചറിനും ലിറ്റിൽ കൈറ്റ്സിലെ എല്ലാ കുഞ്ഞു പറവകൾക്കും ഒരായിരം നന്ദി ..................

**ആഷിക് വി എം**

**എഡിറ്റർ**

